26 (*202) സഹകരണ മേഖലയിലെ നിയമനങ്ങൾക്ക് സംവരണം

ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിലുള്ള നിയമനങ്ങൾക്ക് സംവരണതത്വം പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംവരണതത്വം പാലിക്കാൻ നിർദ്ദേശം നൽകിയിട്ടും പാലിക്കാൻ കൂട്ടാക്കാത്ത സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ സ്ഥാപനങ്ങളിലെ അത്തരം നിയമനങ്ങൾ റദ്ദു ചെയ്തുകൊണ്ട് സംവരണതത്വം പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സഹകരണ സ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നിയമനങ്ങളിൽ സംവരണം നൽകുന്നതിനായി കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) നിയമം 1986 അനുസരിച്ച് കേരള സഹകരണസംഘം നിയമത്തിന്റെ 80-ാം വകുപ്പിൽ (4) എന്നൊരു ഉപവകുപ്പുകൂടി ചേർത്തിട്ടുണ്ട്. 23-2-1985 മുതൽ പ്രാബല്യത്തിൽ വന്ന ടി നിയമത്തിന്റെ അടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനങ്ങളിൽ തസ്തികകളുടെ 10 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥ കർശനമായി പാലിക്കുന്നു എന്ന് ഉറപ്പ്വരുത്തുന്നതിന് സർക്കുലർ നിർദ്ദേശങ്ങൾ സഹകരണ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

നിയമനം പി.എസ്.സി.ക്കു വിട്ട സഹകരണസ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പൊതുവായ സംവരണ വ്യവസ്ഥ പാലിച്ചുകൊണ്ടായിരിക്കും പി.എസ്.സി.ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുന്നത്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ സംവരണം പാലിക്കാത്ത സ്ഥാപനങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സഹകരണസംഘങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ സംവരണം പാലിക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോഴെല്ലാം അക്കാര്യം പരിശോധിച്ച് നിയമപരമായ നടപടികൾ സ്വീകരിക്കാറുണ്ട്.

27 (*203) അപ്പെക്സ് സഹകരണസ്ഥാപനങ്ങളിലെ നിയമനം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അപ്പെക്സ് സഹരണസ്ഥാപനങ്ങളിൽ ആകെ എത്ര ഒഴിവുകളുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly